11755
26/5/17

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശ്ശൂർ ജില്ല – ചാവക്കാട് താലൂക്ക് – അധിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (ആർ.റ്റി) നമ്പർ. 2340/2017/റവ. തിരുവനന്തപുരം, തീയതി : 22.05.2017**

പരാമർശം : 1. 15.02.2017 ലെ ജി.ഒ. (ആർ.റ്റി) നം. 615/17/റവ.
2. ശ്രീമതി. പ്രിൻസി ജോയിയുടെ 20.03.2017 ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

ശ്രീ. ജോബി.വി.ജെ, വെള്ളറ ഹൗസ്, മുല്ലശ്ശേരി, പൂവത്തൂർ (D 160700995) എന്നവരുടെ സഹോദരന്റെ (ശ്രീ. ജോയ്) ചികിത്സക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 10,000/- രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ അപകടത്തെതുടർന്ന് തലച്ചോറിന് ഗുരുതര പരിക്കുപറ്റി സ്വബോധം നഷ്ടപ്പെട്ട് കിടപ്പിലായ ശ്രീ. ജോയിയുടെ ചികിത്സാ ചെലവിന് പ്രസ്തുത തുക അപര്യാപ്തമാണെന്ന് കാണിച്ച് അധിക ധനസഹായം അനുവദിക്കണമെന്ന് ടിയാന്റെ ഭാര്യ ശ്രീമതി. പ്രിൻസി ജോയ് പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ജോയിയുടെ ദയനീയസ്ഥിതി പരിഗണിച്ച്, ടിയാന്റെ ചികിത്സയ്ക്കായി പരാമർശം (1) പ്രകാരം അനുവദിച്ച 10,000/- രൂപയ്ക്ക് പുറമേ **50,000 രൂപ (അൻപതിനായിരം രൂപ മാത്രം)** കൂടി അധിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **50,000 രൂപ (അൻപതിനായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.ടി.കെ**
**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ, തൃശ്ശൂർ
തഹസിൽദാർ, ചാവക്കാട്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**